പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1156 — 11.07.2011-ൽ മറുപടിക്ക്

## ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. കെ . പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി ദേശീയ ഹോർട്ടികൾച്ചർ മിഷൻ, ദേശീയ ഔഷധസസ്യ മിഷൻ എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കി വരുന്നു.<br>കേരളത്തിൽ കൃഷി ചെയ്യുന്ന നാണ്യ വിളകൾ, സുഗന്ധവ്യഞ്ജന വിളകൾ, പഴ വർഗ്ഗങ്ങൾ, പുഷ്പങ്ങൾ തുടങ്ങിയ വിളകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു കൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് ദേശീയ ഹോർട്ടികൾച്ചർ മിഷൻ. മാവ്, വാഴ, കൈതച്ചക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കശുമാവ്, കൊക്കോ, പുഷ്പങ്ങൾ എന്നീ വിളകളാണ് ഹോർട്ടികൾച്ചർ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നടീൽ വസ്തുക്കളുടെ ഉത്പാദനം, പച്ചക്കറി വിത്തുത്പാദനം, വിത്ത് സംസ്കരണത്തിന് ആധുനിക സംവിധാനം ഏർപ്പെടുത്തൽ, പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ, |

| | | | |
|---|---|---|---|
| | | | കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം, ജലസംഭരണികളുടെ നിർമ്മാണം, സംയോജിത രോഗകീട നിയന്ത്രണം, സംരക്ഷിത കൃഷി, ജൈവകൃഷി, തേനീച്ച വളർത്തൽ, മണ്ണിര കംമ്പോസ്റ്റ് നിർമ്മാണം, കാർഷികോത്പന്നങ്ങളുടെ സംസ്കരണവും വിപണനവും എന്നിവയാണ് ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ വിവിധപദ്ധതികൾ.<br>കേരളത്തിലെ ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയ ഔഷധ സസ്യബോർഡ് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ ഔഷധസസ്യ മിഷൻ. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, ഔഷധ സസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കൽ, വിളവെടുപ്പാനന്തര പരിപാലനം, സംസ്കരണവും മൂല്യവർദ്ധനയുമാണ് ദേശീയ ഔഷധസസ്യ മിഷന്റെ വിവിധപദ്ധതികൾ. |
| (ബി) | വാഴകൃഷി വ്യാപിപ്പിക്കുന്നതിലേയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ ആയതിന്റെ മാർഗ്ഗ രേഖകൾ എന്തൊക്കെയാണ്; | (ബി) | ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം വാഴകൃഷി വ്യാപിപ്പിക്കുന്നതിന് ധനസഹായം നൽകി വരുന്നുണ്ട്. ഹ്രസ്വകാല പഴ വർഗ്ഗവിളയായ വാഴയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് വാഴക്കന്ന് ഉപയോഗിച്ചുള്ള കൃഷിക്ക് ഹെക്ടറൊന്നിന് 35000 രൂപ 75:25 എന്ന അനുപാതത്തിൽ രണ്ട് വർഷങ്ങളിലായി |

നൽകുന്നതാണ്. ടിഷ്യൂകൾച്ചർ വാഴ തൈകൾ ഉപയോഗിച്ചുള്ള വിള വ്യാപനത്തിന് ഹെക്ടറൊന്നിന് 41602 രൂപ 75:25 എന്ന അനുപാതത്തിൽ രണ്ട് വർഷങ്ങളിലായി നൽകുന്നതാണ്. ഒരു ഗുണഭോക്താവിന് പരമാവധി നാല് ഹെക്ടർ സ്ഥലത്തേയ്ക്കാണ് ധനസഹായം നൽകുന്നത്.

(സി) ഹോർട്ടികൾച്ചർ മിഷൻ മുഖേന കൃഷി വകുപ്പ് നടപ്പിലാക്കുന്ന 'ഫലശ്രീ' പദ്ധതിയുടെ പ്രവർത്തനം ചിറക്കര ഗ്രാമപഞ്ചായത്തിൽ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ; പദ്ധതി പ്രഖ്യാപിച്ചിട്ടു നടപ്പിലാക്കുവാൻ കാലതാമസം നേരിടുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

(സി) ഫലശ്രീ പദ്ധതി ചിറക്കര ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്നതിനായി മാവിൻ തൈകൾക്കും മണ്ണിര കമ്പോസ്റ്റിനുമുള്ള സപ്ലൈ ഓർഡർ 06.06.2011 - ൽ കൊടുത്തുകഴിഞ്ഞു. മാവിൻ തൈകളും മണ്ണിര കമ്പോസ്റ്റും ലഭിക്കുന്ന മുറയ്ക്ക് കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ